**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2106** **09-02-2023 - ൽ മറുപടിയ്ക്ക്**

**പാലിയേറ്റീവ് കെയർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പാലിയേറ്റീവ് കെയറിന്റെ പ്രാധാന്യം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മെഡിക്കൽ കോളേജുകളിൽ പാലിയേറ്റീവ് കെയർ പദ്ധതി ആരംഭിക്കാൻ പദ്ധതിയുണ്ടോ; | (എ) | 2019 ൽ നിലവിൽ വന്ന പരിഷ്കരിച്ച പാലിയേറ്റീവ് കെയർ നയത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ പാലിയേറ്റീവ് കെയർ പദ്ധതി വിവിധ മേഖലകളിലേയ്ക്ക് വികസിപ്പിക്കുന്നതിന് ലക്ഷ്യം വച്ചിരുന്നു. അതിന്റെ മുന്നോടിയായി കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളും പാലിയേറ്റീവ് കെയർ ശാക്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി എല്ലാ മെഡിക്കൽ കോളേജുകളിലെയും പാലിയേറ്റീവ് വിഭാഗത്തിലെ മേധാവികളുടെ യോഗം സംസ്ഥാന തലത്തിൽ നടത്തുകയും നടപ്പിലാക്കേണ്ട പദ്ധതികളുടെ കരട് തയ്യാറാക്കുകയുമുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 350-ൽ പരം എൻ.ജി.ഒകളും സാമൂഹ്യ അധിഷ്ഠിത സംഘടനകളും ആരോഗ്യ വകുപ്പും ചേർന്നാണ് പാലിയേറ്റീവ് പരിചരണം സംസ്ഥാനത്ത് പ്രാവർത്തികമാക്കി വരുന്നത്.<br><br>ആശുപത്രികളിലെപ്പോലെത്തന്നെ ഗൃഹപരിപാലന-ത്തിലും ഊന്നൽ നൽകുന്നതാണ് പുതുക്കിയ 2019 -ലെ പാലിയേറ്റീവ് പരിപാലന നയം. 2019 - ലെ പുതുക്കിയ പാലിയേറ്റീവ് കെയർ നയത്തിന്റെ ഭാഗമായി ചില മെഡിക്കൽ കോളേജുകളിൽ ഔട്ട് പേഷ്യന്റ്, ഇൻ പേഷ്യന്റ്, ഹോം കെയർ സേവനങ്ങൾ നൽകി വരുന്നു. മെഡിക്കൽ കോളേജുകളിലെ അനസ്തേഷ്യ, കമ്മ്യൂണിറ്റി മെഡിസിൻ,, റേഡിയോ തെറാപ്പി, സർജറി, മെഡിസിൻ, ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ തുടങ്ങിയ വിഭാഗങ്ങളുടെ ഏകോപനത്തിലൂടെയാണ് സേവനങ്ങൾ നൽകി വരുന്നത്.<br><br>പാലിയേറ്റീവ് കെയർ ആവശ്യമായ രോഗികൾക്ക് വേദന സംഹാരികളായ മരുന്നുകൾ മെഡിക്കൽ കോളേജുകൾ വഴി നൽകി വരുന്നു. പാലിയേറ്റീവ് പരിചരണത്തിൽ പരിശീലനം ഡോക്ടർമാർക്കും |

| | | | |
|---|---|---|---|
| | | | നഴ്സുമാർക്കും ഉറപ്പ് വരുത്തുന്നു. കൂടുതൽ രോഗികൾക്ക് സേവനമെത്തിക്കാനും ലക്ഷ്യമിട്ടുന്നുണ്ട്.<br><br>മെഡിക്കൽ കോളേജുകളിൽ നിലവിലുള്ള പാലിയേറ്റീവ് പരിചരണ യൂണിറ്റുകളെ പാലിയേറ്റീവ് മെഡിസിൻ വിഭാഗമായി ഉയർത്താനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു. 10 മെഡിക്കൽ കോളേജുകൾക്ക് 10 ലക്ഷം രൂപ വീതം അനുവദിച്ച് സ്വതന്ത്ര ചുമതലയുള്ള പാലിയേറ്റീവ് കെയർ യൂണിറ്റ് തുടങ്ങുന്നതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.<br><br>മെഡിക്കൽ കോളേജുകൾക്ക് കീഴിലുള്ള റൂറൽ ഹെൽത്ത് ട്രെയിനിംഗ് സെന്റർ ((RHTC) അർബൻ ഹെൽത്ത് ട്രെയിനിംഗ് സെന്റർ(UHTC) എന്നിവ വഴിയും പാലിയേറ്റീവ് പരിചരണ സേവനങ്ങൾ നൽകി വരുന്നു. ഈ സെന്ററുകളിൽ ഇതിനായി മൊബൈൽ യൂണിറ്റുകളും പ്രവർത്തിച്ചു വരുന്നുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ മെഡിക്കൽ കോളേജുകൾക്ക് പ്രസ്തുത ആവശ്യത്തിലേക്ക് എത്ര തുക അനുവദിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | ഈ സാമ്പത്തിക വർഷത്തിൽ പത്ത് മെഡിക്കൽ കോളേജുകൾക്ക് 10 ലക്ഷം രൂപ വീതം ഒരു കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. മെഡിക്കൽ കോളേജുകളിൽ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിനും മരുന്നുകളും മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിനാണ് ഈ തുക വിനിയോഗിക്കേണ്ടത്. |

സെക്ഷൻ ഓഫീസർ